പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 50

11.12.2012 ൽ
മറുപടിയ്ക്ക്

## കൊച്ചി സ്മാർട്ട് സിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ ;<br>ശ്രീ. ഹൈബി ഈഡൻ ;<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ;<br>ശ്രീ. അൻവർ സാദത്ത് ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) കൊച്ചി സ്മാർട്ട്സിറ്റി യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | എ) സ്മാർട്ട്സിറ്റി പദ്ധതിയിൽ ഉൾപ്പെട്ട 246 ഏക്കർ സ്മാർട്ട്സിറ്റി കൊച്ചി ഇൻഫ്രാസ്ട്രക്ചറിന് പാട്ടത്തിന് നൽകുവാനുള്ള പാട്ട കരാർ രജിസ്റ്റർ ചെയ്യുകയുണ്ടായി. തുടർന്ന് 131.41 ഏക്കർ സ്ഥലം പ്രത്യേക സാമ്പത്തിക മേഖലയായി വിജ്ഞാപനം പുറപ്പെടുവിച്ചു. 246 ഏക്കർ ഭൂമിക്ക് ഒറ്റ സെസ് പദവി ലഭിക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം 1 MLD ജലം നൽകുന്നതിനാവശ്യമായ നടപടികൾ കിൻഫ്രയും 10 MVA വൈദ്യുതി അവർ ആവശ്യപ്പെടുന്നത് അനുസരിച്ച് നൽകുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന വൈദ്യുതി ബോർഡും സ്വീകരിച്ചുവരുന്നു. |
| ബി) എതെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനോടകം പൂർത്തിയായിട്ടുണ്ട് ; വിശദമാക്കുമോ ; | ബി) സ്മാർട്ട്സിറ്റിയുടെ ഭൂമിയിൽ 10900 ചതുരശ്രയടി വിസ്തീർണ്ണത്തിലുള്ള പവിലിയന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൂടാതെ 3.5 ദശ ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം പണിയുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| സി) സർക്കാർ സ്മാർട്ട്സിറ്റിക്കുവേണ്ടി എന്ത് തുക നൽകിയിട്ടുണ്ട് ; | സി) സർക്കാരിന്റെ ഓഹരി പങ്കാളിത്തമായി 31.2 കോടി രൂപ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | സ്പോർട്ട്സിറ്റിക്ക് പ്രത്യേക സാമ്പത്തിക സെസ്സ് പദവിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | ഡി) | സ്പോർട്ട്സിറ്റിയുടെ 131 ഏക്കർ ഭൂമിക്ക് സെസ് പദവി ലഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 115 ഏക്കർ ഭൂമി കൂടി ഉൾപ്പെടുത്തി 246 ഏക്കർ ഭൂമിക്കും ഒറ്റ സെസ് പദവി അനുവദിക്കുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ